**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4991

27.06.2019-ൽ മറുപടിക്ക്

**നൂതനമായ കോഴ്സുകൾ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താൻ നടപടി**

| **ചോദ്യം**<br>ശ്രീ. റ്റി.വി.രാജേഷ് | **ഉത്തരം**<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| നൂതനമായ കോഴ്സുകൾ പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് പ്രസ്തുത കോഴ്സുകൾ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താത്തതുകൊണ്ട് പി.എസ്.സി. വഴിയുള്ള അപേക്ഷ നൽകാൻ സാധിക്കാതെ വരുന്നത് കണക്കിലെടുത്ത് കോഴ്സുകൾ യഥാസമയം തന്നെ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | നൂതനമായ കോഴ്സുകൾ കൂടി ഉൾപ്പെടുത്തി വിവിധ തസ്തികകളുടെ യോഗ്യതകൾ പരിഷ്കരിക്കുന്നതിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് പൊതു തസ്തികകൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം കൂടി യോഗ്യതയായി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും തദനുസൃതമായി വിശേഷാൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ നിർദ്ദേശിച്ചിട്ടുമുണ്ട്.<br><br>കൂടാതെ, വിവിധ സർക്കാർ വകുപ്പുകളിലും വകുപ്പുകളുടെ അധികാര പരിധിയിലുള്ള സ്ഥാപനങ്ങളിലും MBA യോഗ്യതയായി നിശ്ചയിക്കുവാൻ അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ടി യോഗ്യത കൂടി ഉൾപ്പെടുത്തി |

| | |
|---|---|
| | ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതിവരുത്തി വിജ്ഞാപനം പുറപ്പെടുവിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഒരു യോഗ്യതയ്ക്ക് സമാനമായ/തത്തുല്യമായ യോഗ്യതകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിശേഷാൽ ചട്ടത്തിൽ/എക്സിക്യൂട്ടീവ് ഉത്തരവിൽ താമസംവിനാ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**